# പേവിഷബാധ

## പ്രധാന ലക്ഷണങ്ങൾ എന്തെല്ലാം ?

- കടികൊണ്ട ഭാഗത്ത് അസഹ്യമായ വേദന,ചൊറിച്ചിൽ
- മനം പുരട്ടൽ
- ഛർദി
- പനി
- കടുത്ത തലവേദന
- അസ്വസ്ഥത
- വിയർപ്പ്
- ഉറക്കമില്ലായ്മ
- പേശീവലിവ്
- മരണഭീതി, ജലഭീതി,വായൂഭീതി
- ശ്വാസ തടസം മൂലം മരണം.



## പ്രതിരോധ മാർഗ്ഗങ്ങൾ എന്തെല്ലാം ?

- മൃഗങ്ങളുടെ കടികിട്ടാതെ സൂക്ഷിക്കുക.
- കടികിട്ടിയാൽ മുറിവ് നന്നായി കഴുകുക(15 മിനിട്ടുനേരം പൈപ്പ് തുറന്നുവിട്ട് ഒഴുകുന്ന വെള്ളത്തിൽ കഴുകുക).
- ടിഞ്ചർ അയഡിൻ, സ്പിരിറ്റ് എന്നിവ പുരട്ടാം.
- കടികിട്ടിയാൽ 24 മണിക്കൂറിനകം അടുത്തുള്ള സാമൂഹികാരോഗ്യ കേന്ദ്രത്തിലോ ആശുപത്രിയിലോ എത്തി പ്രതിരോധ കുത്തിവയ്പ് എടുക്കുക.
- മുറിവുകൾക്ക് നാട്ടുനടപ്പുള്ള മറ്റു പൊടിക്കൈകൾ ഒന്നും ചെയ്യരുത്.
- കടിച്ച മൃഗത്തെ (നായ, പൂച്ച) 10 ദിവസം നിരീക്ഷിക്കുക.അവ രോഗലക്ഷണങ്ങൾ കാണിക്കുകയും മരണപ്പെടുകയും ചെയ്താൽ ലബോറട്ടറിയിൽ പരിശോധിച്ച് രോഗനിർണ്ണയം നടത്തുക.
- നിങ്ങളുടെ വീട്ടിലെ വളർത്തു നായ്ക്കൾക്കും പൂച്ചയ്ക്കും എല്ലാവർഷവും പ്രതിരോധവാക്സിൻ നിർബന്ധമായും നൽകുക.
- പ്രതിരോധകുത്തിവയ്പെടുത്ത നായ്ക്കളെ തെരുവുനായയോ റാബീസ് സംശയിക്കുന്ന നായയോ കടിച്ചാൽ വെറ്റിനറിഡോക്ടറുടെ ഉപദേശം തേടുക, മാറ്റിപാർപ്പിക്കുക, ബൂസ്റ്റർ വാക്സിനേഷൻ എടുക്കുക തുടങ്ങിയ കാര്യങ്ങൾ ചെയ്യുക.

